**No.CEE/4050/2016/KEAM-2017/TA1**

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# <u>പത്രക്കുറിപ്പ്</u>

## 2017 - ലെ ആർക്കിടെക്ചർ കോഴ്സ് പ്രവേശനം– NATA പരീക്ഷ എഴുതി യോഗ്യത നേടിയിരിക്കണം

2017-18 അധ്യയന വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും, സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിലും ബാച്ചിലർ ഓഫ് ആർക്കിടെക്ചർ (ബി.ആർക്ക്) കോഴ്സിന് പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ കൗൺസിൽ ഓഫ് ആർക്കിടെക്ചർ **2017 ഏപ്രിൽ 16** ന് നടത്തുന്ന നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ ആർക്കിടെക്ചർ (NATA) എഴുതി നിശ്ചിത യോഗ്യത നേടിയിരിക്കണം.

**<u>www.nata.nic.in</u>** എന്ന വെബ്സൈറ്റിലെ **"Online Registration for NATA 2017"** എന്ന ലിങ്കിലൂടെ 2017 ഫെബ്രുവരി 2–ാം തീയതി വരെ ഓൺലൈനായി NATA അപേക്ഷകൾ സമർപ്പിക്കാവുന്നതാണ്. NATA അപേക്ഷകർക്കുവേണ്ട യോഗ്യതകൾ, ടെസ്റ്റ് സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ഇൻഫർമേഷൻ ബ്രോഷർ മേൽ വെബ്സൈറ്റിൽ ലഭ്യമാണ്.

**<u>ശ്രദ്ധിക്കുക:</u>** സംസ്ഥാനത്തെ ആർക്കിടെക്ചർ കോഴ്സ് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റിനായി അപേക്ഷകൾ ക്ഷണിയ്ക്കുന്ന വേളയിൽ **<u>www.cee.kerala.gov.in</u>** എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷിക്കേണ്ടതും, അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും നിശ്ചിത സമയത്തിനകം സമർപ്പിക്കേണ്ടതുമാണ്. കൂടാതെ ആർക്കിടെക്ചർ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി NATA സ്കോറും, യോഗ്യതാപരീക്ഷയിലെ മാർക്ക് വിവരങ്ങളും യഥാസമയം സമർപ്പിക്കേണ്ടതാണ്

തിരുവനന്തപുരം

17.01.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**